"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിനുള്ള പ്രോജക്ട്- ധനസഹായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.260/2022/LSGD തീയതി,തിരുവനന്തപുരം, 05-02-2022

---

പരാമർശം:- 1. തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.12.2021ലെ കത്തുകൾ.

2. മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.11.2021ലെ കത്ത്.

3. 11.01.2022 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 4.40 നമ്പർ തീരുമാനം.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് ചുവടെ ചേർത്ത രണ്ട് പ്രോജക്ടുകൾ ഉണ്ട് (ജനറൽ വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും)-

1. പ്രോ.നം.88/22 - ലക്ഷം വീട് പദ്ധതിയിലെ വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ ഒറ്റ വീടാക്കൽ-(ജനറൽ)

അടങ്കൽ- 41,00,000/-രൂപ

(വികസനഫണ്ട് ജനറൽ- 8,00,000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-8,00,000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം-25,00,000/-രൂപ)

2. പ്രോ.നം.97/22 - ലക്ഷം വീട് പദ്ധതിയിലെ വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ ഒറ്റ വീടാക്കൽ-(എസ്.സി.)

അടങ്കൽ- 50,44,943/-രൂപ

(എസ്.സി.പി.-13,44,943/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-12,00,000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം-25,00,000/-രൂപ

2. ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം 20,000/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഈ വീടുകൾ വാസയോഗ്യമല്ലെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും അസി. എഞ്ചിനീയറും അറിയിച്ചിട്ടുണ്ട്. ഓരോ ഇരട്ട വീടുകളിലും താമസിക്കുന്ന ഒരു കുടുംബത്തിനു മാത്രമാണ് മുകളിൽ പറഞ്ഞ ധനസഹായം ലഭിച്ചിട്ടുള്ളത്. നിലവിലെ വീട്ടു വാസയോഗ്യമല്ല എന്നതു പരിഗണിച്ച് മുകളിൽ പറഞ്ഞ ഇരട്ട വീടുകൾ ഒറ്റ വീടാക്കാൻ ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരാമർശം 1,2 കത്തുകൾ പ്രകാരം ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയുണ്ടായി. കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

1) ഇരട്ട വീടുകളിൽ താമസിക്കുന്നവരിൽ 8 വർഷത്തിനകം ധനസഹായം ലഭിക്കാത്ത കുടുംബത്തിന് ധനസഹായം നൽകാൻ അനുമതി നൽകുന്നു. 8 വർഷത്തിനു ശേഷം മറ്റ കുടുംബത്തിനും ധനസഹായം നൽകാവുന്നതാണ്.

2) ധനസഹായ തുക ലൈഫ് ഭവനപദ്ധതിക്ക് മാറ്റി വച്ചിരിക്കുന്ന 20 ശതമാനത്തിനു പുറമെ കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

സെക്രട്ടറി, മാടക്കത്തറ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(വിംഗ്), ഐ & പി.ആർ.ഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reens

സെക്ഷൻ ഓഫീസർ